# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.295

### 27-09-2016 ലെ മറുപടിക്ക്

### കിഫ്ബി ശാക്തീകരിക്കാനായി സ്വീകരിച്ച നടപടി

| ചോദ്യം<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. എ.എൻ. ഷംസീർ<br>ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| --- | --- |
| (എ) കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിനെ (കിഫ്ബി) ശാക്തീകരിക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | 1999 ൽ സംസ്ഥാന ധനകാര്യ വകുപ്പിനു കീഴിൽ കിഫ് ആക്റ്റ് 1999 (2000 ലെ ആക്റ്റ് 4) പ്രകാരം നിലവിൽ വന്ന സ്ഥാപനമാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി). നിലവിൽ ലഭ്യമായിട്ടുള്ള നൂതന ധനസമാഹരണ മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്തുവാനും സർക്കാർ നേരിട്ട് പൊതു പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം പൊതു-സ്വകാര്യ പങ്കാളിത്ത മാർഗ്ഗത്തിലൂടെ പദ്ധതികൾ നടപ്പിലാക്കാനും കിഫ്ബിയെ സജ്ജമാക്കുന്നത് ലക്ഷ്യമാക്കി കിഫ്ബിയുടെ ഘടന പരിഷ്കരിക്കുന്നതിനും തീരുമാനിച്ചു. അപ്രകാരം 19-08-2016 ലെ അസാധാരണ ഗസറ്റ് നോട്ടിഫിക്കേഷൻ നം.1464 പ്രകാരം |

| | |
|---|---|
| | പ്രസ്തുത ആക്റ്റ് ഭേദഗതി ചെയ്യുകയും ഇതുമായി ബന്ധപ്പെട്ട ബിൽ നിയമസഭയുടെ അംഗീകാരത്തിനായി പതിനാലാമത് കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളതുമാണ്. ടി ഭേദഗതി പ്രകാരം കിഫ്ബിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ബഹു. മുഖ്യമന്ത്രി ചെയർപേഴ്സണായിട്ടുള്ള ബോർഡ്, ബഹു. ധനകാര്യ മന്ത്രി ചെയർപേഴ്സണായിട്ടുള്ള ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി, അടിസ്ഥാന സൗകര്യ നിക്ഷേപ നിധിയുടെ ട്രസ്റ്റിയായി പ്രവർത്തിക്കുന്നതിന് FTAC എന്നിവ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയെ കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിക്കുകയും ഒരു ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് ഗ്രൂപ്പ് കിഫ്ബിയിൽ രൂപീകരിക്കുന്നതിനായി തീരുമാനവും കൈക്കൊണ്ടിട്ടുമുണ്ട്. |
| **(ബി)** കിഫ്ബിയുടെ ധനസമാഹരണ രീതികൾ വ്യക്തമാക്കാമോ? | ഇടക്കാലാവശ്യങ്ങൾക്കായി ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, റവന്യൂ ബോണ്ടുകൾ എന്നിവ പുറപ്പെടുവിക്കുന്നതിനും ആൾട്ടർനേറ്റ് ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് (InvIT), ഇൻഫ്രാസ്ട്രക്ചർ ഡെബ്റ്റ് ഫണ്ട് (IDF) മുതലായ ഘടനയിലൂടെ ദീർഘകാലാടിസ്ഥാനത്തിൽ ഫണ്ട് |

| | |
|---|---|
| | സമാഹരിക്കുന്നതിനും ഇതിനു പുറമെ ലാന്റ് ബോണ്ട്, ദേശീയ അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പകൾ എന്നിവയിലൂടെ ഫണ്ടുകൾ സ്വരൂപിക്കാനും ആക്ടിൽ വ്യവസ്ഥ ചെയ്യുന്നു. |
| **(സി)** സമാഹരിക്കുന്ന ഫണ്ട് പ്രഖ്യാപിത ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കാൻ എന്ത് സംവിധാനമാണുള്ളത്; വ്യക്തമാക്കാമോ? | കിഫ്ബി ഭേദഗതി ഓർഡിനൻസ് 2016, 6 സി വകുപ്പ് പ്രകാരം കിഫ്ബിയിൽ ഒരു ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷൻ (FTAC) എന്ന പേരിൽ ഒരു കമ്മീഷൻ രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ കമ്മീഷനിൽ ചെയർപേഴ്സൺ ഉൾപ്പെടെ മൂന്നിൽ കുറയാതെയും എന്നാൽ അഞ്ചിൽ കൂടാതെയുമുള്ള അംഗങ്ങൾ ഉണ്ടായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.<br>പ്രസ്തുത കമ്മീഷൻ കിഫ്ബി സ്വരൂപിക്കുന്ന നിധിയുടെ ട്രസ്റ്റിയായി പ്രവർത്തിക്കുന്നതും നിധിയുടെ എല്ലാ നിക്ഷേപങ്ങളും ഭേദഗതി ഓർഡിനൻസിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾക്കനുസൃതമാണെന്നും കിഫ്ബിയുടെ ഫണ്ട് അഥവാ നിധി വകമാറ്റി ചെലവഴിക്കുന്നില്ല എന്നും ഉറപ്പുവരുത്തുകയും ചെയ്യുന്നത് FTAC ആയിരിക്കും. കമ്മീഷൻ ഭേദഗതി ഓർഡിനൻസ് സെക്ഷൻ ഡി (2) പ്രകാരം FTAC, തുകകളുടെ വിനിയോഗവും അധിക തുകയുടെ നിക്ഷേപവും നടത്തുന്നു എന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഓരോ ആറു |

| | |
|---|---|
| | മാസത്തിലും ഒരു *ഫിഡെലിറ്റി സർട്ടിഫിക്കറ്റ്* നൽകേണ്ടതാണ്. അതിലൂടെ നിക്ഷേപകരുടെ വിശ്വാസ്യത ഉറപ്പാക്കുകയും ചെയ്യുന്നു. |
| **(ഡി)** കിഫ്ബി ശാക്തീകരിക്കുന്നതു വഴി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഏതു തരത്തിലുള്ള ചലനം സൃഷ്ടിക്കുവാൻ സാധിക്കുമെന്ന് വിശദമാക്കുമോ? | നിലവിൽ വിവിധ വകുപ്പുകൾ കിഫ്ബി വഴി നടപ്പിലാക്കാൻ ഏകദേശം 6500 കോടി രൂപയുടെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികളുൾപ്പെടുന്ന അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഫണ്ട് ബഡ്ജറ്റിലൂടെ ലഭ്യമാക്കുക എന്നത് ഒരു വെല്ലുവിളിയാണ്. ആയതിനാൽ ബഡ്ജറ്റിനു പുറമെ നിന്നുള്ള വായ്പയിലൂടെ കേരളത്തിന്റെ അടിസ്ഥാന വികസനത്തിന് വൻതോതിൽ നിക്ഷേപം നടത്തുക വഴി സംസ്ഥാനത്തിന്റെ ഗതാഗതം, വാണിജ്യം, വ്യാവസായികം, വിദ്യാഭ്യാസം, തൊഴിൽ, ഊർജ്ജം തുടങ്ങിയ മേഖലകൾ ശക്തിപ്പെടുകയും അതുവഴി പുരോഗതി കൈവരിക്കാൻ സാധിക്കുകയും ചെയ്യും. |

**സെക്ഷൻ ഓഫീസർ**